# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4135
### (12.11.2019-ലെ മറുപടിക്ക്)

**<u>ഇരിക്കൂർ മണ്ഡലത്തിലെ സബ്ട്രഷറികൾക്ക് സ്വന്തം കെട്ടിടം</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.സി. ജോസഫ് (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠപുരം, ആലക്കോട് എന്നീ സബ്ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | ശ്രീകണ്ഠപുരം സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ശ്രീകണ്ഠപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടനിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യ വികസനപദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ ഭരണാനുമതി ലഭ്യമാക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br>ആലക്കോട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ട്രഷറി വകുപ്പിനു കൈമാറുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സജീവ പരിഗണനയിലാണ്. സ്ഥലം കൈമാറ്റ നടപടികൾ പൂർത്തിയായതിനു ശേഷം കെട്ടിട നിർമ്മാണം ഭരണാനുമതിക്കു വിധേയമായി ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ട്രഷറി വകുപ്പിനുണ്ടോ എന്ന് വെളിപ്പെടുത്താമോ; | ഉണ്ട്. കെട്ടിടനിർമ്മാണവും പുനരുദ്ധാരണവും എന്ന ഘടകത്തിലായി 13 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ട്രഷറി വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | പ്രസ്തുത കെട്ടിടങ്ങളുടെ Detailed Project Report ലഭ്യമായാൽ മാത്രമേ പ്രതീക്ഷിത ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | കെട്ടിടനിർമ്മാണം ഈ സർക്കാരിന്റെ ഭരണകാലത്തു തന്നെ പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കാമോ? | രണ്ട് കെട്ടിടങ്ങളുടെയും പദ്ധതികൾ പ്രാരംഭ ദിശയിലാണ്. നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. Detailed Project Report ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്ന സമയം കണക്കാക്കാനാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**